**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5361** — **21-07-2022 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി-പെരിന്തൽമണ്ണ-കൊയിലാണ്ടി ബസ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വളാഞ്ചേരി-പെരിന്തൽമണ്ണ നോട്ടിഫൈഡ് റൂട്ടിൽ കോവിഡിനെത്തുടർന്ന് നിർത്തി വെച്ച ബസ് സർവ്വീസുകൾ പുനരാരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | **കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത റൂട്ടിലെ ചില സർവ്വീസുകൾ നിർത്തലാക്കിയത്. എന്നിരുന്നാലും ടി റൂട്ടിലൂടെ ഉണ്ടായിരുന്ന സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്.**<br><br>**നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഗ്രാമവണ്ടി പദ്ധതി തുടങ്ങുന്നതനുസരിച്ച് സർവ്വീസുകൾ ആവശ്യാനുസരണം ആരംഭിക്കുവാൻ കഴിയും.** |
| (ബി) | പ്രസ്തുത റൂട്ടിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; | (ബി) | **കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും യാത്രക്കാർ കുറവായതിനാലുമാണ് പ്രസ്തുത റൂട്ടിലെ ചില സർവ്വീസുകൾ നിർത്തലാക്കിയത്. എന്നിരുന്നാലും ടി റൂട്ടിലൂടെ ഉണ്ടായിരുന്ന സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്.**<br><br>**നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഗ്രാമവണ്ടി പദ്ധതി തുടങ്ങുന്നതനുസരിച്ച് സർവ്വീസുകൾ ആവശ്യാനുസരണം ആരംഭിക്കുവാൻ കഴിയും.** |
| (സി) | കൊയിലാണ്ടി-പെരിന്തൽമണ്ണ റൂട്ടിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ? | (സി) | കൊയിലാണ്ടി - പെരിന്തൽമണ്ണ റൂട്ടിലൂടെ ഉണ്ടായിരുന്ന ചെയിൻ സർവ്വീസുകളുടെ ജനോപകാരപ്രദമായ ട്രിപ്പുകൾ പുനക്രമീകരിച്ച് സർവ്വീസ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ